കേരള സാഹിത്യ അക്കാദമി
തൃശൂർ

# ദേശീയ പുസ്തകോത്സവത്തിന് സമുജ്ജ്വലമായ പരിസമാപ്തി

തൃശൂർ : കേരള സാഹിത്യ അക്കാദമി ഏപ്രിൽ 1 മുതൽ 10 വരെ സംഘടിപ്പിച്ച ദേശീയ പുസ്തകോത്സവത്തിനും എഴുത്തരങ്ങ് സാംസ്കാരികോത്സവത്തിനും സഫലമായ പരിസമാപ്തി. മറാഠി എഴുത്തുകാരൻ ലക്ഷ്മൺ ഗെയ്ക്‌വാദ് ഉദ്ഘാടനംചെയ്ത്, പത്തുനാൾ നീണ്ട പുസ്തകോത്സവം സാംസ്കാരികനഗരിക്ക് അർത്ഥസാന്ദ്രവും ഹൃദ്യവും വർണസമൃദ്ധവുമായ മുഹൂർത്തങ്ങൾ പകർന്നേകി. കലാസാംസ്കാരികരംഗത്ത് സജീവമായ ഇടപെടലും പ്രതിരോധവും ആശയസംവാദങ്ങളും പ്രതിഷേധക്കാഴ്ചകളുംകൊണ്ട് പുസ്തകോത്സവം ശ്രദ്ധേയമായി. ഇന്ത്യയിലെ പ്രമുഖ പ്രസാധകരടക്കം അമ്പതോളം പ്രസാധകസംഘങ്ങൾ പുസ്തകോത്സവത്തിനെത്തിയിരുന്നു. എല്ലാ ദിവസവും വിവിധ പ്രസാധകരുടെ പുസ്തകങ്ങളുടെ പ്രകാശനച്ചടങ്ങുകൾക്കും വേദിയൊരുങ്ങി.

പുസ്തകോത്സവത്തിൽ ആരംഭം മുതൽ ഓരോ ദിവസവും അരങ്ങേറിയ വിവിധ സെമിനാറുകൾ മലയാളത്തിന്റെ മഹത്തായ സാംസ്കാരികപൈതൃകത്തെപ്പറ്റിയും സാഹിത്യത്തിലെ നൂതനപ്രവണതകളെക്കുറിച്ചും ആഴത്തിൽ ചർച്ച ചെയ്തു. സെമിനാറുകളിൽ സാംസ്കാരികകേരളത്തിന്റെ ആരാധന നേടിയ മഹാപ്രതിഭകളുടെ സാന്നിധ്യം ആവേശകരമായ അനുഭവം പകർന്നു. വിദ്യാർത്ഥികൾക്കായുള്ള കലാസാഹിത്യമത്സരങ്ങൾ പുതിയ തലമുറയെ ഭാഷയോടും സാഹിത്യത്തോടും അടുപ്പിക്കുന്നതായി. നാടൻകലകൾ, നാടകങ്ങൾ, ഹിന്ദുസ്ഥാനി സംഗീതം, ബാംസുരി, കവിസംഗമം, ഗസൽ, ഗാനാർച്ചന, കാവ്യകേളി, പൊതുജനപ്രശ്നോത്തരി, സാഹിത്യക്വിസ്, കഥാസംവാദം, അക്ഷരശ്ലോകം, ഒഎൻവി കവിതകളുടെ നൃത്താവിഷ്കാരം, നാറാണത്ത് ഭ്രാന്തൻ ദൃശ്യാവിഷ്കാരം തുടങ്ങിയ പരിപാടികൾ പുസ്തകോത്സവദിനങ്ങളെ സാർത്ഥകമാക്കി. പണ്ഡിറ്റ് ഡോ.നാഗരാജറാവു ഹവൽദാർ, ഹിമാംശു നന്ദ, ഗായത്രി എന്നിവരുടെ സംഗീതപരിപാടികൾക്ക് നിറഞ്ഞ സദസ്സ് സാക്ഷിയായി.

കേരളത്തിലെ പ്രമുഖരായ ആറ് ഗ്രന്ഥശാലാപ്രവർത്തകരെ പുസ്തകോത്സവവേദിയിൽവെച്ച് കേരള സാഹിത്യ അക്കാദമി സമാദരിക്കുകയുണ്ടായി. കാൽനൂറ്റാണ്ടെങ്കിലും നിസ്വാർത്ഥസേവനത്തിന്റെ ചരിത്രമുള്ള ഗ്രന്ഥശാലാപ്രവർത്തകർക്ക് പതിനായിരം രൂപയും പ്രശസ്തിപത്രവും ഫലകവും പൊന്നാടയുമാണ് ആദരസൂചകമായി നൽകിയത്. കേരളനവോത്ഥാനത്തിന്റെയും സാംസ്കാരികപ്രബുദ്ധതയുടെയും ശിൽപികളായ ഗ്രന്ഥശാലാപ്രവർത്തകർക്ക് നൽകിയ ആദരവ് ഔചിത്യപൂർണവും അവിസ്മരണീയവുമായി.

‘ഓർമകളുണ്ടായിരിക്കണം’ എന്ന പേരിൽ ചിത്രകാരൻ ഗായത്രി ഒരുക്കിയ ഈ പ്രദർശനം ഒക്റ്റോബർ വിപ്ലവത്തിന്റെ ജന്മശതാബ്ദി സന്ദർഭത്തെയും കേരളപ്പിറവിയുടെ ആറ് പതിറ്റാണ്ടുകളെയും ഇൻസ്റ്റലേഷനുകളിലൂടെയും പെയിന്റിങ്ങുകളിലൂടെയും ദൃശ്യവൽകരിക്കുന്നു. ഒക്റ്റോബർ വിപ്ലവം ലോകസാഹിത്യത്തെയും മലയാളസാഹിത്യത്തെയും സ്വാധീനിച്ചതെങ്ങനെയെന്ന് വിവിധ പേനലുകൾ കാണികൾക്ക് വരച്ചുകാട്ടി.

അക്കാദമിയുടെ നാൾവഴിപ്പുസ്തകത്തിൽ അഭിമാനത്തോടെ എഴുതിച്ചേർക്കാവുന്നവിധം സമഗ്രമായ ഒരു സാംസ്കാരിക അനുഭവമായിരുന്നു പുസ്തകോത്സവം. ബഹുജനപങ്കാളിത്തംകൊണ്ട് ഏറെ ചലനാത്മകമായ പുസ്തകോത്സവദിനങ്ങൾ വായന മരിക്കുന്നില്ലെന്ന സന്ദേശമാണ് വിളംബരം ചെയ്യുന്നത്.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

തൃശൂർ
10.04.2017